**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6764

04.04.2018- ൽ മറുപടിയ്ക്ക്

**മലപ്പുറം പാസ്സ്പോർട്ട് ഓഫീസിന് സ്ഥലം അനുവദിക്കുന്ന നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം പാസ്സ്പോർട്ട് ഓഫീസിന് വേണ്ടി സിവിൽ സ്റ്റേഷൻ വളപ്പിൽ ഇരുപത്തഞ്ച് സെന്റ് സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;<br>(ബി) റവന്യൂ വകുപ്പിൽ ഇത് സംബന്ധിച്ച L1/1/18 ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;<br>(സി) സ്ഥലമെടുപ്പ് സംബന്ധിച്ച് മലപ്പുറം ജില്ലാകളക്ടറും പാസ്സ്പോർട്ട് ഓഫീസറും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | എ) ബി) & സി) | മലപ്പുറം പാസ്സ്പോർട്ട് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൌണ്ടിനുള്ളിലെ റവന്യൂ പുറമ്പോക്കിൽപ്പെട്ട സർവ്വെ നം. 430/1 എ 3 എ 1- ലെ 25 സെന്റ് ഭൂമി പതിച്ച നൽകുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം 20.12.2017-ൽ സർക്കാരിൽ ലഭ്യമാകുകയും ആയത് നമ്പർ എൽ1/1/18/റവ എന്ന ഫയലിൽ പരിശോധനയിലുമാണ്. മേൽ പ്രൊപ്പോസലിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനായി ചില വിശദാംശങ്ങൾകൂടി ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോടും, മലപ്പുറം പാസ്സ്പോർട്ട് ഓഫീസറോടും 05.02.2018-ൽ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത വിവരങ്ങൾ ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**